# ATL GHSS KARAKUNNU

2019 ഫെബ്രുവരി മാസത്തിലാണ്ഉദ്ഘാടനംകഴിഞ്ഞ് എടിഎൽ പ്രവർത്തനക്ഷമമായത്.
30 വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സൗകര്യത്തോടു കൂടിയ എടിഎൽ ആണ് നമുക്കുളത്.



**REPORT**

എല്ലാവർഷവും എട്ടാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ബേസിക് ഇലക്ട്രോണിക്ക് ട്രെയിനിങ് നൽകുന്നു. അതിനുശേഷം അവർ സ്വന്തമായി പ്രോജക്ട്കൾ തയ്യാറാക്കി സബ്മിറ്റ് ചെയ്യുന്നു. കഴിഞ്ഞവർഷം 10 പ്രോജക്ട്കൾ എ.ടി.എൽ മാരത്തോണിന് സബ്മിറ്റ് ചെയ്യുകയുണ്ടായി. അതിൽ ഒരു പ്രോജക്ട് ഓൾ ഇന്ത്യ തലത്തിൽ മാരത്തോണിന് തിരഞ്ഞെടുക്കപ്പെട്ടു.ഇൻസ്പെയർ അവാർഡിലേക്കായി അഞ്ച് പ്രോജക്ട്കൾ റെഡിയാക്കി. ഈ കഴിഞ്ഞവർഷവും തൊട്ടുമുന്നത്തെ വർഷവും ഓരോ  വിദ്യാർത്ഥികൾക്ക് വീതം ഇൻസ്പെയർ അവാർഡ് ലഭിച്ചു.
2020 ലും നമ്മുടെ ഒരു വിദ്യാർത്ഥിക്ക് ഇൻസ്പെയർ അവാർഡ് ലഭിച്ചിട്ടുണ്ട്.
**2024 -25 വർഷം  ഇന്നവേഷൻ ഫെസ്റ്റിൽ കേരളത്തിലെ 89 ATL കളിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന എടിഎൽ എന്ന അംഗീകാരം ജിഎച്ച്എസ്എസ് കാരക്കുന്നിന് ലഭിക്കുകയുണ്ടായി.**



## ROBO VER 0.1

2023 -24 വർഷം നമ്മുടെ സ്കൂളിൽ രൂപകൽപ്പന ചെയ്യപ്പെട്ട റോബോ വെർ വൺ എന്ന റോബോട്ട് ജനശ്രദ്ധ ആകർഷിച്ച പത്രമാധ്യമങ്ങളിൽ എല്ലാം വിശദമായ ന്യൂസ് വന്നു. ജില്ലാ വിദ്യാഭ്യാസ വകുപ്പ് പ്രത്യേകം അനുമോദിക്കുകയുണ്ടായി.

## WORKSHOPS FOR OTHER SCHOOL STUDENTS

എല്ലാവർഷവും അടുത്തുള്ള യുപി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പ്രത്യേകം വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കാറുണ്ട്. കമ്മ്യൂണിറ്റി ഡേ സെലിബ്രേഷനുമായി ബന്ധപ്പെട്ട അല്ലാതെയും വർഷോപ്പുകൾ സംഘടിപ്പിക്കാറുണ്ട്. കാരക്കുന്ന് എയുപി സ്കൂൾ ജി യു പി സ്കൂൾ പത്തപ്പിരിയം മാനവേദൻ യൂപി സ്കൂൾ തൃക്കലങ്ങോട്, പന്തല്ലൂർ ഹൈസ്കൂൾ എടവണ്ണ ഓറിയന്റൽ സ്കൂൾ ചെങ്ങര യൂപി സ്കൂൾ എന്നീ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് പലതവണകളിലായി ഇവിടെ അവസരങ്ങൾ ഒരുക്കിയിട്ടുണ്ട്. 2025 ഏപ്രിൽ മാസത്തിൽ ഇത്തരത്തിലുള്ള രണ്ട് വർഷോപ്പുകൾ സംഘടിപ്പിക്കുകയുണ്ടായി.സമൂഹത്തിലെ കമ്മ്യൂണിറ്റി സ്റ്റുഡൻസിനു വേണ്ടിയും നാം വർക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

## DIY WORKSHOPS

DIY വർഷോപ്പിൽ കുട്ടികളെ എൽഇഡി ബൾബ് നിർമിക്കാനുള്ള പരിശീലനവും നൽകിയിട്ടുണ്ട്.എടിഎൽ School of the month മൂന്നുതവണ GHSS കാരക്കുന്നിന് ലഭിച്ചു. 2025 ഏപ്രിലിലെ സ്കൂൾ ഓഫ് ദി മന്തും ജിഎച്ച്എസ്എസ് കാരക്കുന്നിന് ലഭിച്ചു.വളരെ നല്ലരീതിയിൽപ്രവർത്തിക്കുന്ന എടിഎൽ കൾക്ക് നൽകിവരുന്ന സർട്ടിഫിക്കറ്റാണ് **School of the month.**




## CYBER SMART CERTIFICATE

സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും സൈബർ ലിടസി നൽകിയതിന്റെ അടിസ്ഥാനത്തിൽ Atal Innovation Mission ജിഎച്ച്എസ്.എസ് കാരക്കുന്നിന് സൈബർ സ്മാർട്ട് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്.

സ്കൂളിൽ തന്നെ നിർമ്മിച്ചെടുത്ത റോബോട്ട് ആണ് സ്കൂളിലെ പ്രയറും ദേശീയഗാനവും സ്കൂൾ ബെല്ലും കൈകാര്യം ചെയ്യുന്നത്. അടുത്തുള്ള സ്കൂൾ ആയ എ യു പി സ്കൂളിൽ ഇതേ സംവിധാനം നമ്മുടെ എടിഎൽ ഒരുക്കി കൊടുത്തു.

റോബോ വെർ 2 എന്ന റോബോട്ട് പണിപ്പുരയിലാണ്. ഇനിയും ഇത്തരത്തിലുള്ള ഒട്ടനവധി നേട്ടങ്ങൾ കരസ്ഥമാക്കാൻ ഇത്തരം പ്രവർത്തനങ്ങൾ നമ്മെ സഹായിക്കും എന്ന് പ്രതീക്ഷിക്കുന്നു. Robokids എന്ന കമ്പനിയെ ആണ് വെൻഡേഴ്സ് ആയി തിരഞ്ഞെടുത്തത് ബിരുദമുള്ള മെൻ്റർമാരാണ് പ്രാകിക്കൽ സെക്ഷൻ വളരെനല്ല രീതിയിൽ ,ബേസിക് ഇലക്ട്രോണിക്സ്(റോബോട്ടിക്സ്, പ്രോഗ്രാമിംഗ് ) തുടങ്ങിയവ കൈകാര്യം ചെയ്യുന്നത്.





നൂറുകണക്കിന് അത്യാധുനിക സെൻസറുകളോടുകൂടിയ,ഒരു എൻജിനീയറിങ് കോളേജിനോട് കിടപിടിക്കാവുന്ന വളരെ സജ്ജീകരണങ്ങളോടു കൂടിയ ഒരു അഡൾട്ടിങ്കറിംഗ് ലാബ് സ്വന്തമായി ലഭിച്ചതുകൊണ്ടും വിദ്യാർത്ഥികളുടെയും, അധ്യാപകരുടെയും മെൻ്റർമാരുടെയും കൂട്ടായ പ്രയത്നത്തിൻ്റെയും ഫലമായി ഇനിയും ഇത്തരത്തിലുള്ള ഒട്ടനവധി നേട്ടങ്ങൾ കരസ്ഥമാക്കാനും മാതൃകയാവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**********